# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.15)1841/2023 )
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.15)1841/2023 ) തീയ്യതി: 16/12/2023

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 06-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2023 | 15-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2023 | 15-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നിർമ്മൽ.കെ.ജി., ഓഡിറ്റ് ഓഫീസർ

ശ്രീമതി.പ്രവിദ.പി.എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജയൻ.വി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അജിത സുധാകരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.രാജു.എൻ.പി | സെക്രട്ടറി | 01-04-2022 | 30-06-2022 |
| ശ്രീ.ഷെജി തോമസ്.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2022 | 06-10-2022 |
| ശ്രീ.പി.എസ്.ഫ്രാൻസിസ് | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജനോവ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.രംഗീല രംഗനാഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ആശ .കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.രേഷ്മ ടി.ജെ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 24-09-2022 |
| ഡോ.ദേവി | വെറ്ററിനറി സർജ്ജൻ | 25-09-2022 | 31-03-2023 |
| ശ്രീമതി.നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷെജി തോമസ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 15-11-2022 |
| ശ്രീ.എം.ജെ.ഫ്രാൻസിസ് | അസിസ്റ്റന്റ് സെക്രട്ടറി | 16-11-2022 | 19-11-2022 |
| ശ്രീമതി.ജാസ്മിൻ.അഹമ്മദ്.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 20-11-2022 | 31-03-2023 |
| ശ്രീമതി.ശ്രീജയ വി.എ | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ശ്രീമതി.വിനോദിനി പി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.അനൂപ് സോമൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു കെ.ബി | വി ഇ ഒ (വരന്തരപ്പിള്ളി സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ.മനേഷ് സി.കെ | വി ഇ ഒ (വേലൂപ്പാടം സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലക്ഷ്മി എസ് | വി ഇ ഒ (നന്തിപുലം സർക്കിൾ) | 01-04-2022 | 18-07-2022 |
| ശ്രീ.മനേഷ് സി.കെ | വി ഇ ഒ (നന്തിപുലം സർക്കിൾ) (ചാർജ്) | 19-07-2022 | 28-08-2022 |
| ശ്രീമതി.ശ്രീലക്ഷ്മി എസ് | വി ഇ ഒ (നന്തിപുലം സർക്കിൾ) | 29-08-2022 | 10-01-2023 |
| ശ്രീമതി.ദിവ്യ.കെ.എസ് | വി ഇ ഒ (നന്തിപുലം സർക്കിൾ) | 11-01-2023 | 31-03-2023 |
| ഡോ.സുനിത.വി.എം. | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലൈബ്രറി സെസ്സ് | 1-1-6 |
| 8 | വസ്തുനികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ–വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ഡിപ്രിസിയേഷൻ - അതത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല. | 1-1-12 |
| 14 | അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 1-1-13 |
| 15 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4,ബി-17 എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല. | 1-1-15 |
| 17 | Capital Work In Progress-കൃത്യത പരിശോധിക്കുന്നതിനുള്ള വർക്ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-1-16 |
| 18 | വാർഷികകണക്കും ലോൺരജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-18 |
| 20 | മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി | 1-1-19 |
| 21 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല | 1-1-20 |
| 22 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-1-21 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾ– ശീർഷകം തെറ്റായി രേഖപ്പെടുത്തി | 1-1-22 |
| 24 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | ഫണ്ട് വിനിയോഗം | 1-3 |
| 27 | പദ്ധതി അവലോകനം | 1-4 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 29 | ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്) | 1-6 |
| 30 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| 32 | നികുതി-നികുതിയേതര വരുമാനത്തിന്റെ അവലോകനം | 1-9 |
| 33 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 1-10 |
| 34 | വേക്കൻസി റെമിഷൻ– ചട്ടം പാലിക്കാതെ നികുതിയിളവ് നൽകി | 1-11 |
| 35 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 36 | ലേലം- ബാധ്യതാ ശീർഷകത്തിൽ അടവാക്കിയ തുക വരവു ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ് | 1-13 |
| 37 | ലേലം അപാകതകൾ | 1-14 |
| 38 | റവന്യൂ അധികാരികൾ സ്റ്റോപ്പ് മെമ്മോ നൽകിയ ക്രഷർ യൂണിറ്റിന് പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകി | 1-15 |
| 39 | പഞ്ചായത്ത് കമ്മിറ്റി ലേല നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതിൽ തുടർ നടപടിയുണ്ടായില്ല | 1-16 |
| 40 | മഴക്കാലപൂർവ ശുചീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല-21085 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 41 | എച്ച് എം സി കണക്കുകൾ ഓഡിറ്റ് ചെയ്ത വിവരം | 1-18 |
| 42 | ലൈഫ് മിഷൻ–ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 43 | ബാലസഭ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു-18,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 44 | ജെന്റർ റിസോഴ്സ് സെന്റർ -നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി. 52,019/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 45 | വനിതകൾക്ക് യോഗപരിശീലനം - അധിക തുക നൽകി - 82,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-22 |
| 46 | കാലപരിധിക്കകം അപേക്ഷ സമർപ്പിക്കാത്ത പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകി - 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 47 | കാലപരിധിക്കകം അപേക്ഷ സമർപ്പിക്കാത്ത പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകി - 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 48 | ഗോത്ര സാരഥി പദ്ധതി - ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു - 50,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 49 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-26 |
| 50 | പട്ടിക ജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -3,186/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 51 | പട്ടിക വർഗ്ഗ കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - 708/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 52 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - 64,560/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 53 | ഹരിതകർമ്മസേനയ്ക്ക് വാഹനം 4,99,998/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 54 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-31 |
| 55 | അമൃതം ഫുഡ് വാങ്ങിയതിന് ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-32 |
| 56 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകി-ചെലവു തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 57 | പഞ്ചായത്ത് വാഹനം അറ്റകുറ്റപ്പണികൾക്കായി വികസനഫണ്ട് വിനിയോഗിച്ചു | 1-34 |
| 58 | മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് വിനിയോഗ മാർഗരേഖ പാലിച്ചില്ല | 1-35 |
| 59 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-36 |
| 60 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-37 |
| 61 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടിവിവരം അറിയിക്കേണ്ടതാണ്. | 1-38 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | വനിതകൾക്ക് യോഗപരിശീലനം - അധിക തുക നൽകി - 82,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.7.23 തീയതിയിലെ3/1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 1.8.23 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി: 16.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ**

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ

ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| സഞ്ചയ പ്രകാരം | 3757503 | 3706673 | 46178 | 15530 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3757503 | 3694958 | 46178 | 15538 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(16315 /105X100 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 11715 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

### 1-1-3 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2931015 | 2886434 | 24229 | 26365 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2931015 | 2878457 | 24229 | 26368 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ | *(27687 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | | ലെഡ്ജർ) | ചെറിയ തുക വ്യത്യാസം , റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 7977 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

## 1-1-4 വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 55034 | 27889 | 27151 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 51142 | 27890 | 27168 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ( 19054+34645=53699/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ( 28526X 100/105)= ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

## 1-1-5 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 64432 | 58976 | 7924 |
| വാർഷികകണക്കിലെ | 52245 | 52554 | 7937 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(34631 + =20227/105*100)= | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(8334/105X100)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്,കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 6422 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

## 1-1-6 ലൈബ്രറി സെസ്സ്

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 337666 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 336773രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 339893രൂപയാണ്. (വൗച്ചർ നമ്പർ-42201525/31.3.23)

## 1-1-7 വസ്തുനികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23വർഷത്തിൽ വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിൽ 263 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-8 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽനികുതി രജിസ്റ്റർ

ലൈസൻസ് രജിസ്റ്റർ

ലേലരജിസ്റ്റർ

വാടക

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

**1-1-9 ജേണൽ മുഖേനയുള്ള രേഖപെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-11 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11953589 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (3531286) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-12 ഡിപ്രിസിയേഷൻ - അതത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.**

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ,അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

**1-1-13 അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ,ഷെഡ്യൂൾ B-18 പ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനായി അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമനമ്പർ | ഹെഡ് | തുക |
|---|---|---|

| | | |
|---|---|---|
| 1 | Advance To Implementing Agencies-Deposit With KWA | 9913500 |
| 2 | Advance To Implementing Agencies-Deposit With KSEB | 4092519 |
| 3 | Advance To Implementing Agencies-Deposit With Ground Water Department | 802000 |
| 4 | Advance To Costford | 1000000 |
| 5 | Advance To Other Accredited Agencies | 11850 |
| 6 | Advance To Implementing Officers | 1692892 |
| 7 | Advance To MGNREGS | 1829648 |

**1-1-14 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4,ബി-17 എന്നിവ പൊരുത്തപ്പെടുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം തുല്യമാകാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 | | | | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| | 320200104 | Development-central Finance Commission Grant-Basic Tax Grant | 456837 | 450210101 | IINDIAN OVERSEAS BANK (021801000025959) | 12187384 |
| | 320200113 | Development-central Finance Commission Grant-Tied Fund | 11728824 | | | |
| | | ആകെ | 12185661 | | | |

**1-1-15 ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.**

താഴെ ചേർത്തിരിക്കുന്ന പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | STATE BANK OF INDIA (57011452679)-SGRY | 183531 |
| 2 | 450210101 | IINDIAN OVERSEAS BANK (21801000013151)-MN ലക്ഷം വീട് | 314554 |
| 3 | 450210101 | INDIAN OVERSEAS BANK (218010000126833)-Life Loan | 462004 |
| 4 | 450210101 | INDIAN OVERSEAS BANK | 62904 |

| | | | |
|---|---|---|---|
| | | (21801000026027)-covid Donation | |
| 5 | 450210101 | SBI(38071295625)<br>Life State Share | 1919823 |

## 1-1-16 Capital Work In Progress-കൃത്യത പരിശോധിക്കുന്നതിനുള്ള വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 804414രൂപയാണ്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-1-17 വാർഷികകണക്കും ലോൺരജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരം വായ്പ ഇനത്തിൽ 6019237രൂപ മുന്നിരിപ്പുണ്ട്. തൻവർഷം ജനറൽ വിഭാഗത്തിൽ 1751725രൂപയും എസ്.സി.പി . വിഹിതത്തിൽ 280429രൂപയും,TSP ഇനത്തിൽ 126265രൂപയും വായ്പാ ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് (ആകെ - 2158419-) വരുത്തിയിട്ടുണ്ട്. അക്കൗണ്ട്സ് പ്രകാരം 13,00,000 രൂപ 2022-23 സാമ്പത്തികവർഷം വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തൻവർഷം ലോൺ ഇനത്തിൽ വരവില്ല. വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 5,16,0818/- ആണ്. വായ്പ രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രാരംഭബാക്കി | 5999237 |
| തൻവർഷം ലഭിച്ചത് | 0 |
| തൻവർഷം തിരിച്ചടച്ചത് | 2158419 |
| ബാലൻസ് | 3840818 |

രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-1-18 രേഖകൾ ഹാജരാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-17ൽ ശീർഷകം 450210102 ൽ 5000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.(The Kerala State Co-operative Bank LTD 80016493901 )

## 1-1-19 മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി

മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയുടെ വരവ് ചെലവ് തുകകൾ വാർഷിക കണക്ക്, കാഷ് ബുക്ക് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വാർഷികകണക്ക് (ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് ) | എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ്ബുക്ക് |
|---|---|
| 47410390 | 46236403 |

## 1-1-20 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26.07.2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-21 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 270622076 |
| ആകെ ചെലവ് (B) | | 274830098 |
| മിച്ചം തുക C= A-B | | -420802 |
| Prior Period Income | 108863 | |
| Prior Period Expenditure | 0 | |
| Net Difference Between Prior Period Income And Expenses ( D ) | | 108863 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | | -4099159 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -420802ൽ നിന്നും -108863 (108863-0) കുറച്ചപ്പോൾ ലഭിച്ച -4316885രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ- ശീർഷകം തെറ്റായി രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 166/23 | 22200568/17.9.22 | 30708 | 415100001 | 460500202-Advance To Implementing Agencies-Deposit With Kerala State Electricity Board |
| 2 | 124/23 | 42201197/3.1.23 | 129000 | 251120107 | 460500204-Advance To Implementing Agencies-Deposit With Ground Water Department |
| 3 | 161/23 | 42201080/13.09.22<br>42201081/13.9.22 | 164004<br>235277 | 415100002 | 460500202-Advance To Implementing Agencies-Deposit With Kerala State Electricity Board |

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-1-23 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന

വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues- Proffession Tax/ Institutions/ Proffessionals/ Traders | 450270 |
| 2 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For For Factories, Traders, Enterprenures And Other Services | 310500 |
| 3 | വാടക | 350410401-Advance Collection Of Revenues-Rent From Building | 5304 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 26/03/2022 | |
| കമ്മിറ്റി തീരുമാനം | 1/1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 460701283 | 458059100 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 29/03/2023 | |
| കമ്മിറ്റി തീരുമാനം | 1/1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 462166850 | 457245145 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 49676000 | 49676000 | 44428840 | 5247160 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8304000 | 8304000 | 8304000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1631744 | 1631744 | 1631744 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 27790000 | 27790000 | 8783581 | 19006419 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9131000 | 9131000 | 6385358 | 2745642 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) | 0* | 7396000 | 7396000 | 6203090 | 456837* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied | 5356000* | 11095000 | 16451000 | 4722176 | 11728824* |
| Central Finance Commission Grant (Treasury)-untied | 0 | 410277 | 410277 | 235277 | 175000 |
| Central Finance Commission Grant (Treasury)-tied | 0 | 7533902 | 7533902 | 835868 | 6698034 |
| Other Schemes | 0 | 14842 | 14842 | 0 | 14842 |
| Health Grant -Infrastructure To PHC | 0 | 439856 | 439856 | 273754 | 166102 |
| Health Grant – Conversion Of PHC | 0 | 288857 | 288857 | 49680 | 239177 |
| TSC | 2634944 | 0 | 2634944 | 95271 | 2539673 |
| ICDS | 372425 | 1840664 | 2213089 | 364920 | 1848169 |
| Other Liabilities | 93040 | 0 | 93040 | 0 | 93040 |
| Grant-Other Purposes | 2897060 | 5406877 | 8303937 | 5600000 | 2703937 |

കുറിപ്പ് –

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി, വികസന ഫണ്ട്- ടി.എസ്.പി എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) *വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-4 പ്രകാരമുള്ള തുകകളാണ് ചേർത്തിട്ടുള്ളത്. ബാങ്ക് അക്കൗണ്ടിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുമായി ഇവ പൊരുത്തപ്പെടുന്നില്ല.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 277 | 215750461 | 199 | 113746397 | 52.72 | 71.84 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2080 | 1170110 | 1172190 | 1172190 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 36802670 | 36802670 | 36802670 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 8261543 | 8261543 | 8261543 | 0 |
| ആകെ | 2080 | 46234323 | 46236403 | 46236403 | 0 |

തൊഴിലുറപ്പ് പദ്ധതി ചെലവു തുകകൾ വാർഷികകണക്കു പ്രകാരവും ക്യാഷ്ബുക്ക് പ്രകാരവും താഴെ പ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വാർഷികകണക്കു പ്രകാരം (Income And Expenditure I-6) | ക്യാഷ്ബുക്ക് പ്രകാരം |
|---|---|
| 47410390/ | 46236403 |

അപാകത ഖണ്ഡിക നം.1-1-19 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-6 പ്രകാരമുള്ളത്)

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5630400 | 472 |
| വിധവാ പെൻഷൻ | 19198600 | 1727 |
| വാർദ്ധക്യകാല പെൻഷൻ | 45961400 | 4224 |
| വികലാംഗപെൻഷൻ | 5345600 | 466 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന | 150000 | 5 |

സഹായം

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2023 തീയതിയിൽ 3.00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 21972 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 നികുതി-നികുതിയേതര വരുമാനത്തിന്റെ അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ ശേഖരണത്തിനായി വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ക്യാമ്പിന്റെ വിജയത്തിനായി നോട്ടീസ് വിതരണം, അനൗൺസ്മെന്റുകൾ ഉൾപ്പടെയുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. 100% നികുതി പിരിവ് നേട്ടം കൈവരിച്ചതായി പറയുന്നുവെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയിതര വരവിന്റേയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിങ്ങുകളിലും നടത്തുന്നില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

<table>
<tr><th>ഇനം</th><th>2021-22 വാർഷിക കണക്ക് പ്രകാരം</th><th>2022-23 ബജറ്റ് പ്രകാരം</th><th>2022-23 വാർഷിക കണക്ക് പ്രകാരം</th><th colspan="2">വർദ്ധനവ് ( % )</th></tr>
<tr><td>വസ്തുനികുതി റെസിഡൻഷ്യൽ</td><td>3610023</td><td rowspan="2">10500000</td><td>3757503</td><td>4.09</td><td rowspan="2">കെട്ടിടങ്ങൾ 2022-23 ൽ അസ്സസ്സ് ചെയ്തു</td></tr>
<tr><td>വസ്തുനികുതി നോൺ റെസിഡൻഷ്യൽ</td><td>2733590</td><td>2931015</td><td>7.22</td></tr>
<tr><td>തൊഴിൽ നികുതി- സ്ഥാപനങ്ങൾ</td><td>708460</td><td rowspan="2">4500000</td><td>776720</td><td colspan="2">9.63</td></tr>
<tr><td>തൊഴിൽ നികുതി - ജീവനക്കാർ</td><td>2796030</td><td>3053420</td><td colspan="2">9.20</td></tr>
<tr><td>വാടക</td><td>593286</td><td>1920000</td><td>1274038</td><td colspan="2">114.74</td></tr>
</table>

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ , ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴവൻ നികുതി നികുതിയേതരവരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോയെന്ന പരിശോധന സ്ഥാപനത്തിനോ

ഓഡിറ്റിനോ കഴിയുന്നില്ല.

2.വസ്തുനികുതി

തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പിന്റെ 22/03/2023തിയതിയിലെ സ.ഉ(കൈ)നം.77/2023/തസ്വഭവ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24/07/2023 തിയതിയിലെ അടിയന്തിര യോഗത്തിലെ 4/1(1) നമ്പർ തീരുമാന പ്രകാരം അന്തിമമായി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് 14.08.23 തിയതിയിൽ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കിയ നികുതി നിരക്കുകൾ അപ്ഡേറ്റ് ചെയ്തിട്ടുള്ളതും ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടുള്ളതുമാണ്. സഞ്ചയയിൽ അപ്ഡേഷൻ നടത്തിയതിനു ശേഷം നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നുണ്ട്. 01/04/2023 മുതൽ പുതിയ നിരക്ക് സഞ്ചയയിൽ അപ്ഡേഷൻ നടത്തിയ തീയതി വരെ നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് പഴയ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതിയിൽ 5% വർദ്ധനവ് സോഫ്റ്റ് വെയറിൽ വന്നിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

സർക്കുലർ RB3/178/2020/തസ്വഭവ തീയതി 20/06/22 പ്രകാരമുള്ള പരിശോധനകൾക്കായി ഫീൽഡ് സന്ദർശനം നടത്താറുണ്ടെന്നും ചട്ടവിരുദ്ധമായി ഉറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

3.സേവന ഉപനികുതി

ജനങ്ങൾക്ക് നികുതിഭാരം വർദ്ധിക്കുമെന്നതിനാൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.07.2023 തിയതിയിലെ അടിയന്തിര യോഗത്തിലെ 4/1(2) തീരുമാന പ്രകാരം സേവന ഉപനികുതി ചുമത്തേണ്ടതില്ലായെന്ന് തീരുമാനമെടുത്തിട്ടുണ്ട്. വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

4.തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാവർക്കും നോട്ടീസ് നല്കുകയും നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി മാസാന്ത്യം സാക്ഷ്യപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.വിനോദനികുതി

നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു തിയറ്ററിൽ നിന്നു മാത്രമാണ് വിനോദ നികുതി ഈടാക്കി വരുന്നത്. പഞ്ചായത്ത് പരിധിയിൽ ഒരു ടർഫ് കോർട്ട് ഉണ്ട് .ആയതിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടില്ലെന്നും വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

6.നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളെ മാത്രം ഉൾക്കൊള്ളിച്ചാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

(2) ലേലം, വാടക,ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ മൂന്ന് ഷോപ്പിംഗ് കോംപ്ലക്സ് നിലവിലുണ്ട്. ആയതിലെ റൂമുകൾ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. വിവിധ മത്സ്യകുളങ്ങൾ, ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം, മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭ്യമായ മണ്ണ് എന്നിവ ലേലം ചെയ്തു നൽകിയിട്ടുണ്ട്. ലേലം സംബന്ധിച്ച അപാകതകൾ ഖണ്ഡിക 1-13,1-14

എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

ശിപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ , ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 വസ്തുനികുതി നിർണ്ണയം അപാകതകൾ

1) ഫയൽ നമ്പർ SC4/5684/8.11.22

ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ലെ വരന്തരപ്പിള്ളി വില്ലേജ് സർവ്വേ നമ്പർ 29/5 ൽ ഉൾപ്പെടുന്ന 25.99 ആർ ഭൂമിയിൽ പണി പൂർത്തീകരിച്ച 53.82 ച.മീ , 36.62 ച.മീ വീതം വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് കെട്ടിട ഉടമസ്ഥനായ രാജേഷ്, വളപ്പിൽ ഹൗസ്,വേലൂപ്പാടം എന്നയാളുടെ മേൽ അപേക്ഷയിന്മേൽ SC4-BA(24757)/2023, തിയതി.20.01.23 നമ്പറായി കെട്ടിടം ക്രമവത്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും യഥാക്രമം 353 C,353 D എന്നീ നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. മേൽ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

A) ക്രമവത്കരണ ഉത്തരവിലും പൂർത്തീകരിച്ച കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ പ്രകാരവും പ്ലോട്ടിൽ നിലവിൽ സ്ഥിതിചെയ്യുന്ന 353B നമ്പർ വാണിജ്യ കെട്ടിടത്തിന് 31.82 ച.മീ വിസ്തീർണ്ണമുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം 20.15 ച. മീ വിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുള്ളത്.

B) ക്രമവത്കരണ ഉത്തരവിലും പൂർത്തീകരിച്ച കെട്ടിടത്തിന്റെ പ്ലാൻ പ്രകാരവും കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ളതാണ്. എന്നാൽ 53.82 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

353D കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സിമന്റ് സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് താമസിക്കുന്നതിനുള്ള കെട്ടിടമായാണ് 353 C കെട്ടിടം ഉപയോഗിക്കുന്നതെന്ന് അപേക്ഷകൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിനു പാർപ്പിടാവശ്യത്തിനുള്ള നികുതി നിർണ്ണയിച്ചതെന്നും സ്ഥലപരിശോധന നടത്തി കെട്ടിടം ഏതാവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/13.11.23) മറുപടി നൽകിയിട്ടുണ്ട്. 353B നമ്പർ വാണിജ്യ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് ഫീസ് അടവാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും ക്രമവത്കരണ ഫീസ് അടവാക്കുന്ന മുറയ്ക്ക് നികുതി പുനർനിർണ്ണയം നടത്തി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) ഫയൽ നമ്പർ SC4/1635/13.02.23

ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ലെ വരന്തരപ്പിള്ളി വില്ലേജ് സർവ്വേ നമ്പർ 962/22, 962/25, 9623/34എന്നിവയിൽ ഉൾപ്പെടുന്ന 13.19 ആർ ഭൂമിയിൽ പണി പൂർത്തീകരിച്ച 16.04 ച.മീ , 36.62 ച.മീ വീതം വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ, ക്രമവത്കരിക്കുന്നതിന് കെട്ടിട ഉടമസ്ഥരായ ബൈജുവും ആനിയും, നടുവിൽപീടിക ഹൗസ്,വേലൂപ്പാടം എന്നിവർ സമർപ്പിച്ച മേൽ അപേക്ഷയിന്മേൽ SC4-BA(63899)/2023, തിയതി.16.02.23 നമ്പറായി കെട്ടിടം ക്രമവത്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും യഥാക്രമം 484 B, 484 C എന്നീ നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ക്രമവത്കരണ ഉത്തരവിലും പൂർത്തീകരിച്ച കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ പ്രകാരവും പ്ലോട്ടിൽ നിലവിൽ സ്ഥിതിചെയ്യുന്ന 484Bനമ്പർ വാസഗൃഹത്തിന് 216.47 ച.മീ വിസ്തീർണ്ണമുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം 170.43ച. മീ വിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുള്ളത്. അധിക തറവിസ്തീർണ്ണം ക്രമവത്ക്കരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.

484Bനമ്പർ വാസഗൃഹത്തിന്റെ അധികവിസ്തീർണ്ണം(46.04 ച.മീ) ക്രമവത്ക്കുന്നതിന് ഫീസ് അടവാക്കുന്നതിന് ഉടമസ്ഥന് കത്ത് നൽകിയിട്ടുണ്ടെന്നും ഫീസ് ഈടാക്കി വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/13.11.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-11 വേക്കൻസി റെമിഷൻ- ചട്ടം പാലിക്കാതെ നികുതിയിളവ് നൽകി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ

കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക ഇളവ് ചെയ്തു നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. മേൽ ചട്ടം പാലിക്കാതെ അർദ്ധവാർഷിക നികുതിയിളവ് നൽകിയ കെട്ടിടങ്ങൾക്ക് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | കെട്ടിട ഉടമ | കെട്ടിട നം | അപേക്ഷ നൽകിയ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 3 | പോൾ വർഗ്ഗീസ്, പുളിക്കൽ ഹൗസ് | 33A | 02.07.22 | 01.04.2022-30.09.2022 |
| 2 | 12 | ഇസ്മൈൽ & ഖദീജ.മന്ത്രിക്കത്ത് വീട്,വേലൂപ്പാടം | 380A,380B.380E,380F, 380G,380H | 02.07.22 | 1.04.2022-30.09.2022 |
| 3 | 20 | രാജി, തെക്കുംപുറം ഹൗസ്,നന്തിപുലം | 207A,207 B | 02.07.22 | 01.04.2022-30.09.2022 |
| | | | | 11.01.23 | 01.10.2022-31.03.2023 |
| 4 | 21 | അപ്സര & അനുപമ,തൊടാലിൽ ഹൗസ്,അരണക്കല | 474,474A,474B,474C | 30.12.2022 | 01.10.2022-31.03.2023 |
| 5 | 13 | അൻവർഷ, കുമ്പളപറമ്പിൽ ഹൗസ്,വേലൂപ്പാടം | 286D, 286E, | 23.01.23 | 01.10.2022-31.03.2023 |
| 6 | 21 | മോഹൻ, പടമാട്ടുമൽ,വരന്തരപ്പിള്ളി | 930B, 930C, 930D | 25.11.2022 | 01.10.2022-31.03.2023 |
| 7 | 19 | ദാമോദരൻ, നാരായണൻ,ഏരിയക്കാടൻ ഹൗസ്, | 236 B | 13.01.2023 | 01.10.2022-31.03.2023 |
| 8 | 21 | പ്രദീപ്കുമാർ, ജൂലി,വട്ടപ്പറമ്പിൽ ഹൗസ്,വരന്തരപ്പിള്ളി | 755B | 08.12.22 | 01.10.2022-31.03.2023 |
| 9 | 21 | തങ്കപ്പൻ വി വി,വടക്കേടൻ,വരന്തരപ്പിള്ളി | 517A | 09.12.2022 | 01.10.2022-31.03.2023 |

അപേക്ഷ സമർപ്പിച്ച തിയതി മുതലാണ് ആ അർദ്ധ വർഷത്തെ നികുതിയിളവ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഒരു അർദ്ധവർഷത്തെ നികുതി മുഴുവനായും ഒഴിവാക്കി നൽകിയിട്ടുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 9/13.11.23) നികുതിയിളവ് നൽകിയത് സംബന്ധിച്ച് പരിശോധിച്ച് നികുതി കൃത്യമായി കണക്കാക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2022-23 സാമ്പത്തിക വർഷം കരാറിലേർപ്പെട്ട കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കറാറുകാരന്റെ പേര് |
|---|---|
| 1 | ശശിധരൻ വി,പ്രസന്നഭവനം, ചിമ്മിനി ഡാം |
| 2 | റിഡ്സൻ എൻ ആർ, നെല്ലിപ്പിള്ളി ഹൗസ്,വാസുപുരം |
| 3 | ഷാജി സി കെ, ചെമ്മണ്ടപറമ്പിൽ ഹൗസ്, നന്തിപുലം |

| | |
|---|---|
| 4 | സിജു കെ ജെ,കുന്നേൽ ഹൗസ്, ഇഞ്ചക്കുണ്ട് |
| 5 | സുജിത്ത് സുരേന്ദ്രൻ, ചെമ്മണ്ടപറമ്പിൽ ഹൗസ്, നന്തിപുലം |
| 6 | പ്രവീൺ കെ ബി,കുണ്ടോളി ഹൗസ്, കോടശ്ശേരി |
| 7 | കുഞ്ഞുമോയ്തീൻ പി എം,പാറപ്പുറം ഹൗസ്, പാലപ്പിള്ളി |
| 8 | ഷെജി കെ ടി, കാപ്പിൽ ഹൗസ്, ഇഞ്ചക്കുണ്ട് |
| 9 | രാജൻ വി പി, വെട്ടിയാട്ടിൽ ഹൗസ്,നന്തിപുലം |
| 10 | അനന്തരാമൻ കെ ആർ,കുണ്ടാനി ഹൗസ്, നന്തിപുലം |
| 11 | ഷംസുദ്ദീൻ കെ കെ,കരിപ്പത്തൊടി ഹൗസ്, വേലുപ്പാടം |
| 12 | ബൈജു വി ഒ, വാഴക്കാല ഹൗസ്, വേലുപ്പാടം |
| 13 | ഹരികൃഷ്ണൻ സി, ചിറ്റത്തുക്കാട്ടിൽ ഹൗസ്, നന്തിപുലം |
| 14 | സെൽവിൻരാജ്, സ്വാമിവിളയിൽ ഹൗസ്, നന്തിപുലം |
| 15 | ജോസഫ് കെ എ, കുന്നേൽ ഹൗസ്, ഇഞ്ചക്കുണ്ട് |
| 16 | ശിവൻ എ വി, ആലുവ ഹൗസ്, ഇഞ്ചക്കുണ്ട് |

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം മേൽ ചേർത്തിരിക്കുന്ന കരാറുകാർ സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/14.11.23) മറുപടി ലഭ്യമാക്കിയില്ല.
മേൽ പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-13 ലേലം- ബാധ്യതാ ശീർഷകത്തിൽ അടവാക്കിയ തുക വരവ് ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ്**

പഞ്ചായത്തിലെ ഉപയോഗ ശൂന്യമായ യു പി എസ് ബാറ്ററികൾ 23.06.22 തിയതിയിൽ ലേലം ചെയ്തതിൽ ഉയർന്ന തുകയ്ക്ക് (12700 രൂപ) വിളിച്ച മണികണ്ഠൻ,താഴത്തെപുരയ്ക്കൽ,കോരനൊടി എന്നയാളുടെ ലേലം 29.7.22 ലെ 46 ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വരവ് ഹെഡിൽ(receipt From Sale Of Obsolete Assets -150120103) 8200 രൂപയാണ് അടവാക്കിയിട്ടുള്ളത് . Auction Deposit ഹെഡിൽ (340200102) അടവാക്കിയ 4500 രൂപ(രസീത് നമ്പർ- 1220101169,തിയതി. 23.06.22) വരവ് ഹെഡിലേക്ക് ക്രമീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 5/10.11.23)

**1-14 ലേലം അപാകതകൾ**

1) 2022-23 വർഷത്തേക്ക് ഗ്രാമപഞ്ചായത്തിലെ വിവിധ മത്സ്യക്കുളങ്ങളിൽ നിന്നുള്ള ആദായം, വൃക്ഷങ്ങളിൽ നിന്നുള്ള ആദായം, കൃഷിയ്ക്കായി പഞ്ചായത്തിന്റെ പറമ്പ് എന്നിവ ലേലം ചെയ്ത് നൽകിയതിന്റെ ലേലഡയറികൾ, രജിസ്റ്റർ എന്നിവ ഹാജരാക്കിയതു പ്രകാരം ലേലമിനത്തിൽ ലഭ്യമായ തുകയും അക്കൗണ്ട്സ് പ്രകാരമുള്ള തുകയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | അക്കൗണ്ട്സ് പ്രകാരമുള്ള തുക | രജിസ്റ്റർ,ലേലഡയറി എന്നിവ പ്രകാരമുള്ള തുക |
|---|---|---|
| വിവിധ മത്സ്യക്കുളങ്ങളിൽ നിന്നുള്ള ആദായം | 5690 | 7780 |
| വൃക്ഷങ്ങളിൽ നിന്നുള്ള ആദായം | 350 | 2500 |

| | | |
|---|---|---|
| പഞ്ചായത്ത് പറമ്പ് പാട്ടത്തിന് നൽകിയത് | 19500 | 10200 |

അക്കൗണ്ട്സിൽ വരവായി ചേർത്തിട്ടുള്ളത് 23-24 വർഷത്തേക്കുള്ള ആദായം ലേലം ചെയ്തു നൽകിയ തുകയാണ്. ടി തുക അഡ്വാൻസ് ശീർഷകത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.(ഓഡിറ്റ് എൻക്വയറി നമ്പർ 5/10.11.23)

2) സാമ്പത്തിക വർഷം Income & Expenditure Account പ്രകാരം മണ്ണ് ലേലം ചെയ്തു ഇനത്തിൽ 225525 രൂപ വരവുണ്ട്. ആയതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | വാല്വേഷൻ തുക (229/m3 Sand, 1491.16/m3 Rubble) | മണ്ണിന്റെ അളവ്(ക്യുബിക് മീറ്റർ) | ലേലം കൊണ്ട ആളുടെ പേര് | ലേലം കൊണ്ട തുക/ രസീത് നമ്പർ |
|---|---|---|---|---|---|
| 1 | കോരനൊടി ശ്മശാനം കണ്ണംപടത്തിമൂല വരെ കാനനിർമ്മാണം | 27480 | 120m3 മണ്ണ് | രാധാകൃഷ്ണൻ എ ആർ, അരങ്ങൻ വീട്,കോരനൊടി | 27580/- 1220100760,25,05.2022 |
| 2 | മുപ്ലിയം മുത്തുമല റോഡ് സൈഡ് കെട്ടി സംരക്ഷണം | 17081 | 74.59m3 മണ്ണ് | രാമചന്ദ്രൻ, മച്ചിങ്ങപള്ളത്ത് വീട്,മുപ്ലിയം | 9722/- 1220100724,24.05.22 |
| 3 | ജനതറോഡ് ഡ്രെയ്ൻ നിർമ്മാണം | 6870 | 30m3 മണ്ണ് | ജോസഫ് കെ എ,കുന്നേൽ വീട്,ഇഞ്ചക്കുണ്ട് | 3970/- 1220100724,24.05.22 |
| 4 | ചക്കിപറമ്പ് മലമ്പതി റോഡ് കാനനിർമ്മാണം | 27480 74558 | 120 M3മണ്ണ്, 50m3 റബിൾ | ഷാജി സി കെ, ചെമ്മണ്ടപറമ്പിൽ, നന്തിപുലം | 15530+52550= 68080/- 1220100724,24.05.22 |
| 5 | അരങ്ങൻമൂല വടക്കുമുറി റോഡ് കോൺക്രീറ്റ് നിർമ്മാണം | 10397 | 45.4m3മണ്ണ് | ജോൺസൺ, സി ഒ, ചോനേടൻ വീട്, കോരനൊടി | 10600 /-1220100724,24.05.22 |
| 6 | വടക്കുംമുറി കുട്ടൻചിറ റോഡ് കാന നിർമ്മാണം | 24961 | 109m3 | ജോൺസൺ, സി ഒചോനേടൻ വീട്, കോരനൊടി | 25100/- 1220100724,24.05.22 |
| 7 | പള്ളിക്കുന്ന് മാട്ടിൽ ദേശം വീതികൂട്ടൽ | 30915 | 135m3 | ജോഫി പി ഡി,പഴുങ്കാരൻ വീട്,വരന്തരപ്പിള്ളി | 18100 1220100949,4.06.22 |
| 8 | മാമ്പിള്ളിക്കാവ് അമ്പലം വഴി റോഡ് കാനനിർമ്മാണം | 1221 | 49 M3 | ഷാബു, എരുമക്കാടൻചമുപ്ലിയം | 6800 1220100949,4.06.22 |

| | | | | | |
|---|---|---|---|---|---|
| 9 | ചാക്കപ്പൻപടി കരുവാൻ തോട് റോഡ് മെയ്ന്റനൻസ് | 15114 | 66 M3 | നിഷാദ്, പള്ളത്ത്,ചെങ്ങാലൂർ ഹൗസ് | 9400<br>1220100949,4.06.22 |
| ആകെ | | | | | 179352 |

179352 രൂപയ്ക്ക് മണ്ണ് ലേലം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. ബാക്കി 46,173/- രൂപയുടെ (2,25,525-1,79,352) വരവ് പരിശോധിക്കുന്നതിന് (ലെഡ്ജർ പ്രകാരം 27822 രൂപയും(1220100734/25.05.22 ) 18351രൂപയും (1220100831/31.05.22)sale Of Sand എന്നയിനത്തിൽ വരവുണ്ട്) വാല്യുവേഷൻ, ലേലം നടത്തിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ലേലനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(എൻക്വയറി നമ്പർ 22/14.11.23) മറുപടി ലഭ്യമാക്കിയില്ല. വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 റവന്യൂ അധികാരികൾ സ്റ്റോപ്പ് മെമ്മോ നൽകിയ ക്രഷർ യൂണിറ്റിന് പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകി

ഗ്രീൻ റോക്ക് ക്രഷേർസ് ആന്റ് മൈൻസ് എന്ന പേരിലുള്ള ക്രഷർ യൂണിറ്റിന് പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നമ്പർ |
|---|---|---|---|
| 11/407 | ഗ്രീൻ റോക്ക് ക്രഷേർസ്&മൈൻസ്,മുപ്ളിയം | കെ ജെ പോൾ | 192/2022-23 /A-1/261/22, തിയതി-1.04.22 |

ഗ്രീൻ റോക്ക് ക്രഷർ യൂണിറ്റിന് 31.03.22 വരെയാണ് പഞ്ചായത്തിൽ നിന്ന് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതായും ടി ക്രഷർ യൂണിറ്റ് സ്ഥിതി ചെയ്യുന്നത് റീഡീമാർക്കേറ്റഡ് സർവ്വേ നമ്പർ 425/1 ൽ ഉൾപ്പെട്ട പതിച്ച് കൊടുത്ത വനഭൂമിയിലാണെന്നും മുപ്ളിയം വില്ലേജ് ഓഫീസർ അറിയിച്ചിട്ടുള്ളതായും ടി വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ചാലക്കുടി തഹസിൽദാർ 26.07.22 ലെ ബി2-4956/ 19(1) നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം സ്വീകരിച്ച നടപടി വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 20/13.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 പഞ്ചായത്ത് കമ്മിറ്റി ലേല നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതിൽ തുടർ നടപടിയുണ്ടായില്ല

ലേല നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ താഴെ ചേർക്കുന്നു

1) 31.05.22 ലെ അജണ്ട 1 തീരുമാനം 30

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട കുറുമാലിപുഴയിലെ ഡിസിൽറ്റേഷൻ പ്രവൃത്തിയിൽ നീക്കം ചെയ്ത മണ്ണും ചെളിയും പുഴയോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലത്ത് നിക്ഷേപിക്കുന്നതിനുള്ള അനുമതി ലഭിച്ചത് പ്രകാരം 09/05/2022 ന് വാസുപുരം ചിറയുടെ വലതുകര ഭാഗത്ത് 125 എം ക്യൂബ് മണ്ണും 10/05/2022 ന് തോട്ടുമുഖം ചിറയുടെ ഇടതുകര ഭാഗത്ത് 11.25 എം ക്യൂബ് മണ്ണും ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

2) 18.06.22 ലെ അജണ്ട 41 തീരുമാനം 13

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് നന്തിപുലം ആയുർവ്വേദ ഡിസ്പെൻസറിയിൽ അപകടകരമായി നിന്നിരുന്ന പാഴ്മരങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ടെന്നും,മുറിച്ചു മാറ്റിയ മരങ്ങൾ ആശുപത്രി കോമ്പൌണ്ടിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആയുർവ്വേദ മെഡിക്കൽ ഓഫീസറുടെ കത്ത് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു.പാഴ്മരങ്ങൾ ലേലം ചെയ്യുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

മേൽ തീരുമാനങ്ങളിൽ സ്വികരിച്ച തുടർ നടപടി വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം 24/14.11.23) മറുപടി ലഭ്യമാക്കിയില്ല ലേലനടപടികൾ യഥാസമയം സ്വീകരിക്കേണ്ടതും

തനതുവരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-17 മഴക്കാലപൂർവ ശുചീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല-21085 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ ശുചീകരണത്തിനായി എഫ്.എച്ച്.സി, മെഡിക്കൽ ഓഫീസർക്ക് വാർഡ് ഒന്നിന് 10000/- രൂപ വീതം 22 വാർഡിന് 220,000/- (വൗച്ചർ നം. 22000572/12.10.2022-തനതുഫണ്ട്) അഡ്വാൻസ് നൽകിയിട്ടുണ്ട്. വാർഡ് 3 ന് നൽകിയ 10000 രൂപയിൽ 8915 രൂപയുടെ ചെലവുരേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്.ബാക്കി 1085 രൂപ ചെലവ് ചെയ്തതിന്റ/ തിരികെ അടവാക്കിയതിന്റെ രേഖകൾഹാജരാക്കിയിട്ടില്ല.കൂടാതെ വാർഡ് 6,7 എന്നിവയ്ക്ക് നല്കിയ തുകയുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നതുവരെ 21085 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 എച്ച് എം സി കണക്കുകൾ ഓഡിറ്റ് ചെയ്ത വിവരം

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ(സാധാ)നം. 3379/14/എച്ച്.എഫ്.ഡബ്ളിയു.ഡി തി. 3-12-04 എന്നിവയ്ക്കു വിധേയമായി രൂപം കൊണ്ടിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ (പിഎച്ച്സി, ഹോമിയോ, ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. വരന്തരപ്പിള്ളി എഫ് എച്ച് സി ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ 2011-12 വരെയുള്ള വരവു ചെലവുകണക്കുകളുടെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നുള്ള വാർഷിക കണക്കുകൾ ഇതുവരെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. 2012-13 മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. വരന്തരപ്പിള്ളി ഹോമിയോ എച്ച് എം സിയുടെ 2021-22, 2022-23 വർഷങ്ങളിലെ വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. വരന്തരപ്പിള്ളി ആയുർവേദം എച്ച് എം സി യുടെ 2019-20 മുതൽ 2022-23 വരെയുള്ള വാർഷികകണക്കുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. (ഓഡിറ്റ് എൻക്വയറി നം. 13/13.11.2023)

## 1-19 ലൈഫ് മിഷൻ-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1) നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വരന്തരപ്പിള്ളി സർക്കിൾ
മണി, അരിക്കാട്ടിൽ ഹൗസ് എന്നവർക്ക് ഭവന നിർമ്മാണത്തിനായി 2021-22 വർഷം 200000/- (40000/17.01.2021 & 160000/22.03.2022) രൂപ നൽകിയിട്ടുണ്ട് (ഇക്കാര്യം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-23 ൽ പരാമർശിച്ചിട്ടുണ്ട്). തൻവർഷം വൗച്ചർ നമ്പർ 22200409/02.08.2022 പ്രകാരം 1,00,000/- രൂപയും നൽകിയിട്ടുണ്ട്. ആകെ 3,00,000/- രൂപ കൈപ്പറ്റിയിട്ടും നാളിതുവരെയായി വീട് പണി പൂർത്തികരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വേലൂപ്പാടം സർക്കിൾ
2) വർഗീസ്, ഞെരിഞ്ഞാമ്പിള്ളി എന്ന ഗുണഭോക്താവ് 2018-19 ൽ 40,000/-രൂപയും (28.03.2019), 2019-20 ൽ 1,60,000/-രൂപയും (06.07.2019) കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. (ഇക്കാര്യം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19, 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-30 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്)
3) രമണി, മേച്ചേരിൽ എന്ന ഗുണഭോക്താവ് 2019-20 ൽ 40,000/-രൂപയും (24.08.2019), 2022-23 വർഷം 1,60,000/- രൂപയും (40000/24.08.2023 & 120000/20.10.2023) കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. (ഇക്കാര്യം 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-30 ൽ പരാമർശിച്ചിട്ടുണ്ട്).
4) പാത്തുമ്മക്കുട്ടി മജീദ്, പൂവ്വത്തിങ്കൽ വീട്, ചിമ്മിനിഡാം.പി.ഒ എന്നവർ 28.03.2019 തീയതിയിൽ 40,000/- രൂപ കൈപ്പറ്റിയെങ്കിലും വീട് പണി പൂർത്തീകരിച്ചിട്ടില്ല. (ഇക്കാര്യം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19 ൽ പരാമർശിച്ചിട്ടുണ്ട്)

മുകളിൽ പറഞ്ഞിരിക്കുന്നവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 15/13.11.2023)

**1-20 ബാലസഭ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു-18,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 123/23, ബാലസഭ
അടങ്കൽ/ചെലവ് – 40,000/- (വികസനഫണ്ട് – ജനറൽ)
വൗച്ചർ നം.42201290/20.02.2023, തുക – 22,750/-
വൗച്ചർ നം.42201301/23.02.2023, തുക – 17,250/-

അപാകതകൾ താഴെ ചേർക്കുന്നു.
1) 85 കുട്ടികൾക്ക് നെറ്റിപ്പട്ടം നിർമ്മാണ പരിശീലനം നൽകുന്നതിനായി പരിശീലകയുടെ ഫീസായ 1500/- രൂപയും നിർമ്മാണസാമഗ്രികൾ വാങ്ങിയ വകയിൽ Twins Floral Collections, South Chalakudy എന്ന സ്ഥാപനത്തിനുള്ള തുകയായ 21,250/- രൂപയും സഹിതം 22,750/- രൂപ, രാധിക.പി.വി എന്ന പരിശീലകയുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്. സാമഗ്രികളുടെ വില സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടിയിരുന്നതിന് പകരം പരിശീലകയുടെ അക്കൗണ്ടിലേക്ക് നൽകിയത് ക്രമപ്രകാരമല്ല.

2) ഷീബ.സി.ജി എന്നവർക്ക് 17,250/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 7,600/- രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. (ഉച്ചഭക്ഷണം – 4000/-, ചായ – 2850/-, ബാനർ – 750/-)

3) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് 1000/- രൂപയാണ് ബാലസഭയ്ക്കായി പഞ്ചായത്ത് കുടുംബശ്രീയ്ക്ക് കൈമാറേണ്ടത്. മറ്റ് പ്രവർത്തനങ്ങൾ നടത്തേണ്ട തുക വകയിരുത്തേണ്ടത് കുടുംബശ്രീയുടെ പ്രവർത്തന ഫണ്ടിൽ നിന്നുമാണ്. എന്നാൽ 22 വാർഡ് മാത്രമുള്ള വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് ആകെ 22000/-രൂപ കൈമാറേണ്ടതിനു പകരം 40000/- രൂപ ചെലവഴിച്ചിട്ടുണ്ട്.
മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ 18,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-21 ജെന്റർ റിസോഴ്സ് സെന്റർ -നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി. 52,019/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 301/23, ജെന്റർ റിസോഴ്സ് സെന്റർ
അടങ്കൽ – 1,00,000/-, ചെലവ് – 92,019/- (വികസനഫണ്ട് – ജനറൽ)
വൗച്ചർ നം.42201291/20.02.2023, തുക – 35,750/-
വൗച്ചർ നം.42201364/16.03.2023, തുക – 16,269/-
വൗച്ചർ നം.42201444/29.03.2023, തുക – 40,000/-

അപാകതകൾ താഴെ ചേർക്കുന്നു.
1) ജെന്റർ റിസോഴ്സ് സെന്ററിൽ അലുമിനിയം ഫാബ്രിക്കേഷൻ നടത്തിയതിന് ഷിഹാബ്.കെ.വൈ എന്നയാൾക്ക് 52,019/- രൂപ (35750 + 16269) കൈമാറിയിട്ടുണ്ട്. എന്നാൽ നടത്തേണ്ട പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങളോ എഞ്ചിനീയറിങ്ങ് വിഭാഗം തയ്യാറാക്കിയ റഫ് എസ്റ്റിമേറ്റ്, ഡീറ്റയിൽഡ് എസ്റ്റിമേറ്റ്, ഭരണ സമിതി അംഗീകാരം, ക്വട്ടേഷൻ നോട്ടീസ് എന്നിവയോ ഹാജരാക്കിയിട്ടില്ല. മൂന്ന് ക്വട്ടേഷൻ ഹാജരാക്കിയതിൽ കുറഞ്ഞ തുകയായ 35,750/- രൂപ രേഖപ്പെടുത്തിയ ഷിഹാബ്.കെ.വൈ യ്ക്ക് മേൽ പ്രവൃത്തി നടത്തിയതിനുള്ള തുകയായ 35,750/- രൂപയും, കൂടാതെ മറ്റ് അനുബന്ധ സാമഗ്രികൾ വാങ്ങിയതിന്റെ ബില്ല് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 16,269/- രൂപയും നൽകിയിട്ടുണ്ട്. ക്വട്ടേഷനിലുൾപ്പെടുത്താതെ അനുബന്ധ സാമഗ്രികൾ വാങ്ങാനുണ്ടായ സാഹചര്യമോ മറ്റ് വിശദാംശങ്ങളോ ഫയലിൽ ചേർത്തിട്ടില്ല. പ്രവൃത്തി നടത്തുമ്പോൾ നിർബന്ധമായും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ 52,019/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) ആർട്ട്കോയുടെ ബിൽ നം. TSR 577/20.03.2023 പ്രകാരം താഴെ പറയും പ്രകാരം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | തുക |
|---|---|---|
| സീലിങ്ങ് ഫാൻ | 1 | 1768.82 |
| ഓഫീസ് ടേബിൾ | 1 | 8420.48 |
| എക്സിക്യൂട്ടീവ് ചെയർ | 6 | 21586.92 |
| കംപ്യൂട്ടർ ചെയർ | 1 | 8224.60 |
| ആകെ തുക | | 40,000 |

സാധനങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് ലിസ്റ്റ് തയ്യാറാക്കി പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ആയതിന്റെ ഗുണനിലവാരം പരിശോധന നടത്തി അനുമതി നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-22 വനിതകൾക്ക് യോഗപരിശീലനം - അധിക തുക നൽകി - 82,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 300/23, വനിതകൾക്ക് യോഗ പരിശീലനം
അടങ്കൽ/ചെലവ് – 1,00,000/-, (വികസനഫണ്ട് – ജനറൽ)
വൗച്ചർ നം.42201365/16.03.2023, തുക – 79,050/-
വൗച്ചർ നം.42201366/16.03.2023, തുക – 5,950/-
വൗച്ചർ നം.42201380/18.03.2023, തുക – 15,000/-

07.02.2023 മുതൽ 06.03.2023 വരെ 93 പേർക്കും 13.02.2023 മുതൽ 15.03.2023 വരെ 7 പേർക്കും പരിശീലനം നൽകിയതിനും 08.03.2023 മുതൽ 18.03.2023 വരെ മേൽ സൂചിപ്പിച്ച 100 പേർക്ക് തുടർപരിശീലനം നൽകിയതിനുമായി ലേഖ രഞ്ജിത്, വൈദ്യക്കാരൻ വീട്, വരന്തരപ്പിള്ളി എന്ന യോഗപരിശീലകയ്ക്ക് 1,00,000/- രൂപ നൽകിയിട്ടുണ്ട്.
സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ, തീ. 28.05.2022 മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.5 പ്രകാരം ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000/- രൂപയാണ് യോഗപരിശീലകന് നൽകാവുന്നത്. എന്നാൽ ഒരാൾക്ക് പരിശീലനം നൽകുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തി പരിശീലകർ അപേക്ഷ സമർപ്പിക്കുകയും 850/- രൂപ നിരക്ക് അംഗീകരിക്കുകയും ചെയ്ത് തുക നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.
07.02.2023 മുതൽ 18.03.2023 വരെയുള്ള കാലയളവായ ഒന്നരമാസത്തേക്ക് മാർഗ്ഗരേഖ പ്രകാരം പരമാവധി നൽകാവുന്നത് 18,000/- രൂപയാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ തുകയായ 82,000/- രൂപയുടെ (100000-18000) ചെലവ് നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-23 കാലപരിധിക്കകം അപേക്ഷ സമർപ്പിക്കാത്ത പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകി - 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 274/23, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം
അടങ്കൽ/ചെലവ് – 7,50,000/-, (വികസനഫണ്ട് – എസ്.സി.പി)
വൗച്ചർ നം.42201162/06.12.2022, തുക – 5,25,000/-
വൗച്ചർ നം.42201165/13.12.2022, തുക – 75,000/-
വൗച്ചർ നം.42201196/03.01.2023, തുക – 75,000/-
വൗച്ചർ നം.42201232/28.01.2023, തുക – 75,000/-

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ

സമർപ്പിക്കണമെന്നും കാലപരിധിക്കകം അപേക്ഷിക്കാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കാലപരിധി കഴിഞ്ഞ കേസുകളിൽ ഇത്തരം അനുമതിയില്ലാതെ തുക നൽകിയിരിക്കുന്നതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | വിവാഹം നടന്ന തീയതി | അപേക്ഷ നൽകിയ തീയതി | തുക/കൈമാറിയ തീയതി |
|---|---|---|---|---|
| 1 | അനഘ, D/oകലപ്രിയ.എം.വി, കൊളത്തുപറമ്പൻ(H), വേലൂപ്പാടം.പി.ഒ | 14.02.2021 | ഇല്ല | 75000/28.01.2023 |
| 2 | അഞ്ജു.കെ.എസ്, D/o ശ്രീധരൻ, കാര്യാട്ടുപറമ്പിൽ(H), നന്തിപുലം | 06.07.2020 | 02.07.2022 | 75000/06.12.2022 |
| 3 | ശ്രുതി.കെ.എസ്, D/o ചന്ദ്രിക.എസ്.ഒ, കടിയൻ(H), AOV നഗർ | 05.09.2019 | രേഖപ്പെടുത്തിയിട്ടില്ല | 75000/06.12.2022 |
| 4 | സരിഗ, D/o വള്ളി ചന്ദ്രൻ, മഠത്തിൽ(H), കോരനൊടി | 11.06.2020 | 07.07.2022 | 75000/06.12.2022 |

മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന കാലപരിധി കഴിഞ്ഞ അപേക്ഷകളിൽ പ്രത്യേക അനുമതി കൂടാതെ വിവാഹധനസഹായം അനുവദിച്ചതിനാൽ ചെലവ് തുകയായ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-24 കാലപരിധിക്കകം അപേക്ഷ സമർപ്പിക്കാത്ത പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകി - 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്റ്റ് നം. 121/23, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം
അടങ്കൽ/ചെലവ് - 4,00,000/-, (വികസനഫണ്ട് - ടി.എസ്.പി)
വൗച്ചർ നം.42201161/06.12.2022, തുക - 4,00,000/-

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിക്കണമെന്നും കാലപരിധിക്കകം അപേക്ഷിക്കാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കാലപരിധി കഴിഞ്ഞ കേസുകളിൽ ഇത്തരം അനുമതിയില്ലാതെ തുക നൽകിയിരിക്കുന്നതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | വിവാഹം നടന്ന തീയതി | അപേക്ഷ നൽകിയ തീയതി | തുക |
|---|---|---|---|---|
| 1 | സുമിഷ.എം.ജി, മനയ്ക്കൽ(H), കള്ളിച്ചിത്ര, പാലപ്പിള്ളി | 29.06.2015 | 24.03.2022 | 1,00,000 |

| | | | | |
|---|---|---|---|---|
| 2 | രശ്മി.കെ.ആർ, കുട്ടാലമലയൻ(H), എച്ചിപ്പാറ | 06.09.2020 | 09.03.2022 | 1,00,000 |
| 3 | വിനിത.എം.വി, D/oവിജയൻ.പി.എൻ മലയൻകുഞ്ചൻ(H), ചക്കിപ്പറമ്പ് കോളനി പാലപ്പിള്ളി.പി.ഒ | 25.05.2014 | 10.03.2022 | 1,00,000 |

മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന കാലപരിധി കഴിഞ്ഞ അപേക്ഷകളിൽ പ്രത്യേക അനുമതി കൂടാതെ വിവാഹധനസഹായം അനുവദിച്ചതിനാൽ ചെലവ് തുകയായ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-25 ഗോത്ര സാരഥി പദ്ധതി - ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു - 50,000/- രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 104/23, ഗോത്ര സാരഥി പദ്ധതി
അടങ്കൽ/ചെലവ് - 50,000/- (തനത് ഫണ്ട്)
വൗച്ചർ നം. 22201144/08.03.2023 , തുക - 50,000/-

പട്ടികവർഗ്ഗ ഊരുകളിൽ താമസിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിന് യാത്രാസൗകര്യം ഒരുക്കുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ഡി.എ) 27.10.2022 ലെ ഉത്തരവ് നം.ഡി.എ1/395/2019-തസ്വഭവ പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഗുണഭോക്തൃ ലിസ്റ്റ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ റ്റി.എസ്.പി പ്രൊജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് അന്തിമമാക്കേണ്ടതും ഇതനുസരിച്ച് പട്ടിക വർഗ്ഗ വികസന ഡയറക്ടർ വിഹിതം TDO മാർക്ക് കൈമാറേണ്ടതുമാണ്. ഇങ്ങനെ കൈമാറി ലഭിക്കുന്ന തുക ആവശ്യമായ തുകയേക്കാൾ കുറവാണെങ്കിൽ കുറവ് എത്രയാണെന്ന് കണക്കാക്കി ആ വിഹിതം ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനം വകയിരുത്തേണ്ടതാണ് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരം നടപടിക്രമങ്ങളൊന്നും തന്നെ പാലിക്കാതെ കന്നാറ്റുപാടം GHSS ഹെഡ്മിസ്ട്രസ്സ് ശ്രീമതി.സുചിത.എൻ.കെ കൈമാറിയ ലിസ്റ്റ് പ്രകാരമുള്ള 55,700/- രൂപയിൽ 50,000/- രൂപ ഇദ്ദേഹത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്.

മേൽ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ചെലവ് തുകയായ 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

പ്രൊജക്ട് നമ്പർ 124/23, ഒളനപ്പറമ്പ് കുടിവെള്ള പദ്ധതി - തുടർപ്രവർത്തനങ്ങൾ
അടങ്കൽ - 1,30,000/-, ചെലവ് - 1,29,000/- (വികസനഫണ്ട് - ടി.എസ്.പി)

വൗച്ചർ നം. 42201197/03.01.2023, തുക - 1,29,000/-

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഒളനപ്പറമ്പ് എസ്.ടി കോളനി കുടിവെള്ള പ്രോജക്ടിനായി ഭൂജല വകുപ്പ്, തൃശ്ശൂർ ജില്ലാ ഓഫീസർക്ക് മേൽ വൗച്ചർ പ്രകാരം 1,29,000/- രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. പ്രൊജക്ട് പൂർത്തിയാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 21/14.11.2023)

**1-27 പട്ടിക ജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -3,186/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 125/23, പട്ടിക ജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ
അടങ്കൽ – 16,50,000/-, ചെലവ് – 16,49,292/- (വികസനഫണ്ട് – എസ്.സി.പി)
വൗച്ചർ നം.42201227/24.01.2023, തുക – 10,47,522/-
വൗച്ചർ നം.42201230/28.01.2023, തുക – 2,99,292/-
വൗച്ചർ നം.42201445/29.03.2023, തുക – 2,99,292/-
വൗച്ചർ നം.42201305/24.02.2023, തുക – 3,186/-

മേൽ പ്രൊജക്ടിലെ അപാകതകൾ താഴെ ചേർക്കുന്നു.
1) 11 മിനിമാസ്റ്റ് ലൈറ്റിനുള്ള തുകയായ 16,46,106/- രൂപ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് നൽകിയിട്ടുണ്ട്. T.S – Order No.SILK/TS/SBU(B)/2022-23/412, Dt. 09.12.2022 പ്രകാരം 9 മിനിമാസ്റ്റ് ലൈറ്റിന് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഭരണാനുമതി ലഭിച്ചതിന്റെ വിവരം ലഭ്യമല്ല.
2) ഏഴ് സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വാർഡ് 3 – വടക്കുമുറി കോളനി, വാർഡ് 5 – കള്ളായി എന്നിവിടങ്ങളിലെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമായിട്ടില്ല. മറ്റ് രണ്ട് ലൈറ്റുകൾ സ്ഥാപിച്ചത് ഏതൊക്കെ സ്ഥലങ്ങളിലാണെന്നുള്ള വിവരങ്ങളും ലഭ്യമാക്കിയില്ല.
3) എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത 3,186/- രൂപ ചെലവഴിച്ചിട്ടുണ്ട്. കരാർ പ്രകാരം സപ്ലൈ & ഇൻസ്റ്റലേഷൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
4) പ്രൊജക്ട് റിപ്പോർട്ട് പ്രകാരം 13,50,000/- രൂപയാണ് അടങ്കൽ രേഖപ്പെടുത്തിയിരുന്നത്. പുതുക്കിയ പ്രൊജക്ട് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
5) ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

11 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി, 4 ലൈറ്റിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി മുഴുവൻ മിനി മാസ്റ്റ് ലൈറ്റുകളും ആസ്തി രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത 3,186/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.1023)

## 1-28 പട്ടിക വർഗ്ഗ കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ – 708/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 131/23, പട്ടിക വർഗ്ഗ കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ
അടങ്കൽ/ചെലവ് – 3,00,000/- (വികസനഫണ്ട് – ടി.എസ്.പി)
വൗച്ചർ നം.42201231/28.01.2023, തുക – 2,99,292/-
വൗച്ചർ നം.42201306/24.02.2023, തുക – 708/-
മേൽ പ്രകാരം രണ്ട് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള തുകയായ 2,99,292/- രൂപ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് നൽകിയിട്ടുണ്ട്. കൂടാതെ 708/- രൂപ ഷിഹാബ്.കെ.വൈ എന്നയാൾക്ക് കേബിൾ മുതലായവയ്ക്കാണ് നൽകിയിരിക്കുന്നത്. ഇത് എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നതല്ല. തുക നൽകാനുണ്ടായ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.
T.S – Order No.SILK/TS/SBU(B)/2022-23/412, Dt. 09.12.2022 പ്രകാരം 2 മിനിമാസ്റ്റ് ലൈറ്റിന് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഭരണാനുമതി ലഭിച്ചതിന്റെ വിവരം ലഭ്യല്ല. ആസ്തി രജിസ്റ്ററിൽ ഇവ ചേർത്തിട്ടില്ല.
എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ചെലവ് തുകയായ 708/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

## 1-29 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് – 64,560/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം. 287/23, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം
അടങ്കൽ – 7,42,440/-, ചെലവ് – 7,30,000/- (വികസനഫണ്ട് – എസ്.സി.പി)
വൗച്ചർ നം.42201363/16.03.2023, തുക – 7,10,160/-
വൗച്ചർ നം.42201443/29.03.2023, തുക – 19,840/-

പ്രൊജക്റ്റ് തയ്യാറാക്കുന്നത് മുതൽ വിതരണം ചെയ്യുന്നത് വരെയുള്ള ഓരോ ഘട്ടത്തിലും അപാകത സംഭവിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.
1) ജെം മുഖാന്തിരം ഇൻവോയ്സ് നമ്പർ SALE/19-20/0132, Dt.20.02.2023 (7,10,160/-) പ്രകാരം 22 എണ്ണവും ഇൻവോയ്സ് നമ്പർ SALE/19-20/0160, Dt.10.03.2023 (32,280/-) പ്രകാരം ഒന്നും അടക്കം ആകെ 23 ലാപ്ടോപ്പ് Power CMS Tedchnology, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ, ടെണ്ടർ ലിസ്റ്റ്, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. സ്ഥാപനം ഹാജരാക്കിയിട്ടുള്ള ഇൻവോയ്സിൽ ഏത് കമ്പനിയുടെ എന്ത് മോഡൽ ലാപ്ടോപ്പാണെന്നുള്ള സ്പെസിഫിക്കേഷനുകൾ വ്യക്തമാക്കാതെ ലാപ്ടോപ്പ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ലാപ്ടോപ്പ് വാങ്ങുന്നതിന് മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന സ്പെസിഫിക്കേഷൻ പാലിച്ചിരുന്നുവോ എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.

2) അമൃത.എം.എസ്, മാരാത്തുപറമ്പിൽ വീട്, വരന്തരപ്പിള്ളി എന്ന വിദ്യാർത്ഥി 2021-22 വർഷം BSc Zoology അവസാന വർഷം പഠിക്കുന്നതായും ശ്രീരാഗ്.കെ.കെ, കടിയൻ വീട്, ഇഞ്ചക്കുന്ന് എന്ന വിദ്യാർത്ഥി 2021-22 വർഷം BA Economics അവസാന വർഷം പഠിക്കുന്നതായുമാണ് കോളേജിൽ നിന്നും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 2021-22 വർഷം പഠനം പൂർത്തിയാക്കിയ ഇവരെ 2022-23 വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ലാപ്ടോപ്പ് നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

3) 23 ലാപ്ടോപ്പ് വാങ്ങിയതിൽ 20 പേർക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതായാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മൂന്ന് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല. ആയതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല. അവശേഷിക്കുന്ന മൂന്ന് ലാപ്ടോപ്പുകൾ അർഹരായവർക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

4) 14.03.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 6(1) പ്രകാരം 21 ഗുണഭോക്താക്കളിൽ 9 പേരാണ് അർഹരായിട്ടുള്ളതെന്നും ബാക്കി 12 പേരുടെ അനുബന്ധലിസ്റ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം തന്നെ 23 ലാപ്ടോപ്പ് വാങ്ങേണ്ട ആവശ്യകത ഉണ്ടായിരുന്നില്ലെന്ന് വ്യക്തമാണ്. അർഹരായവരെ കണ്ടെത്തി അതിനനുസരിച്ച് മാത്രം വാങ്ങൽ പ്രക്രിയ നടത്തേണ്ടതിന് പകരം ആവശ്യകത പരിഗണിക്കാതെ ആദ്യമേ വാങ്ങൽ നടപടികൾ പൂർത്തിയാക്കി. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് അന്തിമമാക്കി മാത്രം വാങ്ങൽ പ്രക്രിയ ആരംഭിക്കേണ്ടതാണ്. ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

പഠനം പൂർത്തിയാക്കിയ രണ്ട് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതിനാൽ ആയതിന്റെ വിലയായ 64,560/- രൂപയുടെ(32280x2) ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-30 ഹരിതകർമ്മസേനയ്ക്ക് വാഹനം 4,99,998/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്റ്റ് നം. 67/23, ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ
അടങ്കൽ – 5,50,000/-, ചെലവ് – 4,99,998/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
വൗച്ചർ നം.22201320/31.03.2023
Priyam Industries And Engineering Pvt Ltd, Chennai എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.INV/22-23-150/08.03.2023 പ്രകാരം രണ്ട് ഇലക്ട്രിക് വാഹനങ്ങളാണ് ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിന് വാങ്ങിയിട്ടുള്ളത്. ജെം മുഖാന്തിരമുള്ള 01.03.2023 തീയതിയിലെ Sanction Order മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഭരണ സമിതി അംഗീകാരം, വാഹനത്തിന്റെ വിശദാംശങ്ങൾ, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ

ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഇവ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വാഹനം നിലവിൽ ഉപയോഗിക്കുന്നില്ല എന്നാണ് ഹരിതകർമ്മസേനക്കാർ അറിയിച്ചത്.

സാങ്കേതിക മേന്മയും വിശ്വാസ്യതയും തെളിയിക്കപ്പെടാത്ത ഒരു വാഹനമാണ് പഞ്ചായത്ത് വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ച് വിദഗ്ദാഭിപ്രായം തേടിയിരുന്നോ എന്ന് വ്യക്തമല്ല. വാഹനത്തിന് വാറണ്ടിയുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. അതിനാൽ വാഹനം ഉപയോഗക്ഷമമാകും വരെ വാഹനം വാങ്ങുന്നതിന് ചെലവഴിച്ച 4,99,998/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 8/13.11.2023)

**1-31 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല**

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) ന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ-34/23

| ക്രമനമ്പർ | വൗച്ചർ നം,<br>തിയതി,<br>ഫണ്ട് | തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ,തിയതി | മരുന്ന് ലഭിച്ചതിന്റെ വിവരം ഇൻവോയ്സ് നം.,തിയതി /തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 42201041/<br>13.6.2022<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | 86907 | PRF<br>249/2.6.2022 | 1.5552/4.7.22-10375<br>2.6662/25.7.22.-43792<br>3.6652/25.7.22-9856<br>4.22426/7.1.23-2822<br><br>ആകെ-66845 | 20062/- |
| 2 | 42201046/5.7.22<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | 136374 | PRF<br>458/24.6.22 | 1.8256/8.8.22-41685<br>2.12688/30.9.22-32256<br>3.18823/25.11.22-28560<br>4.19865/13.12.22-12320<br>5.22067/5.1.23-3584<br>6.23161/16.1.23-11088<br><br>ആകെ-129493 | 6881 |
| 3 | 42201154/3.12.22<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | 102067 | PRF<br>2336/17.11.22 | 1.20349/16.12.22-24836<br>2.21915/3.1.23-4637<br>3.22082/5.1.23-6160<br>4.22258/6.1.23-60704<br><br>ആകെ-96337 | 5730 |
| 4 | 42201324/1.3.23(വികസനഫണ്ട്, ജനറൽ) | 136121 | PRF<br>4585/20.2.23 | 1.27563/23.3.23-20160<br>2.18045/19.9.23-9238<br>3.18466/21.9.23-1185<br>4.11942/7.7.23-11760<br>5.4693/20.5.23-19397<br>6.6053/25.5.23-13619 | 54610 |

| | | | | | |
|---|---|---|---|---|---|
| | | | | 7.897/17.4.23-827<br>8.15129/4.8.23-2822<br>9.14955/1.8.23-2503<br><br>ആകെ-81511 | |
| 5 | 42201378/17.3.23(വികസനഫണ്ട്, ജനറൽ) | 129534 | PRF 5424/17.3.23 | 1.14964/1.8.23-834<br>2.19677/19.10.23-1428<br>3.16476/19.8.23-15120<br>4.112621/1.7.23-30270<br>5.17137/25.8.23-1747<br>6.4462/19.5.23-4083<br>7.5937/25.5.23-32928<br>8.16761/21.8.23-7678<br><br>ആകെ-94088 | 35446 |
| 6 | 42201389/20.3.23(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | 20682 | PRF 5470/20.3.23 | 1.18419/21.9.23-2576<br>2.15782/11.8.23-1538<br>3.10738/27.6.23-670<br>4.13752/24.7.23-1501<br>5.13830/25.7.23-5152<br><br>ആകെ-11437 | 9245 |

II. പെയിൻ ആന്റ് പാലിയേറ്റീവ്

പ്രോജക്ട് നമ്പർ-39/23

| ക്രമനമ്പർ | വൗച്ചർ നം, തിയതി, ഫണ്ട് | തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയതി | മരുന്ന് ലഭിച്ചതിന്റെ വിവരം ഇൻവോയ്സ് നം. /തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 42201180/23.12.2022 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | 348408 | PRF2903/12.12.2022 | 1.18107/19.9.23-1546<br>2.19821/23.10.23-2166<br>3.17198/31.8.23-140027<br>4.7192/2.6.23-7188<br>5.11071/30.6.23-6972<br>6.6115/26.5.23-2516<br>7.25376/22.2.23-76574<br>8.25706/27.2.23-10063<br>9.26379/3.3.23-9585<br>10.26786/10.3.23-1946<br>11.24617/3.2.23-9936<br>12.17040/24.8.23-459<br>13.6833/31.5.23-27799<br>ആകെ-296777 | 51631 |
| 2 | 42201336/9.3.2023(മെയിന്റനൻസ് | 500400 | PRF4931/9.3.2023 | 1.16062/16.8.23-2912 | 336619 |

| | | | | | |
|---|---|---|---|---|---|
